ESTABLISHED 1888
മലയാള മനോരമ
ചെന്നൈ
2018 മാർച്ച് 24 ശനി

ബി.എ.സുരേഷും വിദ്യ ഭവാനിയും.

ചിത്രം: വിബി ജോബ് • മനോരമ

അപൂർവരാഗം

സംഗീതവും നൃത്തവും സമ്മേളിക്കുന്ന 38 പുസ്തകങ്ങൾ പുറത്തിറക്കി മലയാളി ദമ്പതികൾ...

ഫിറോസ് അലി
firozalikp@mm.co.in

ഹൃദയം കൊണ്ടെഴുതുന്ന കവിതയാണു ദാമ്പത്യമെന്ന കവിവചനം സുരേഷും വിദ്യയും ഇങ്ങനെ തിരുത്തും– 'നല്ല എഴുത്തും മികച്ച എഡിറ്റിങ്ങും സമ്മേളിക്കുന്ന മനോഹരമായൊരു പുസ്തകമാണു ദാമ്പത്യം'. ആ നിർവചനം അവർ സ്വന്തം ജീവിതത്തിലേക്കു പകർത്തിയപ്പോൾ പിറന്നതു 38 പുസ്തകങ്ങൾ. സംഗീതവും നൃത്തവുമാണ് എല്ലാത്തിന്റെയും ഉള്ളടക്കം. ശാസ്ത്രീയ സംഗീതവും നൃത്തവും സാധാരണക്കാരിലേക്കെത്തിക്കുകയെന്ന ലക്ഷ്യത്തോടെ പുസ്തകങ്ങളിറക്കുന്ന സ്കന്ദ പബ്ലിക്കേഷൻസിന്റെ സാരഥികളാണു മലയാളികളായ ബി.എ.സുരേഷും വിദ്യ ഭവാനിയും. കർണാടക സംഗീതത്തിലെ 50 അപൂർവ രാഗങ്ങളെക്കുറിച്ചുള്ളതാണ് ഈ കൂട്ടുകെട്ടിൽ ഒടുവിൽ പുറത്തിറങ്ങിയത്.

രണ്ടു വഴികൾ. ഒറ്റ ലക്ഷ്യം

വേറെയല്ല, വേറിട്ട പുസ്തകം